"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്തനിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - എസ്.ഡി.ആർ.എഫ്. - കോട്ടയം ജില്ല - റോഡുകളുടെ പുനരുദ്ധാരണം - ഭരണാനുമതി ഭേദഗതി ചെയ്ത് ഉത്തരവ് - പുറപ്പെടുവിക്കുന്നു

---

**ദുരന്തനിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.465/2025/DMD തീയതി,തിരുവനന്തപുരം, 04-07-2025

---

പരാമർശം:-

1. 27.03.2018 തീയതിയിലെ സ. ഉ. (കൈ) നം. 3/2018/ഡി.എം.ഡി.
2. 27.03.2025 തീയതിയിലെ സ. ഉ. (സാധാ) നം. 183/2025/ഡി.എം.ഡി.
3. ശ്രീ. ജോസ് കെ. മാണി എം. പി. (രാജ്യസഭ)-യുടെ 15.06.2025 തീയതിയിലെ കത്ത്

**ഉത്തരവ്**

എസ്.ഡി.ആർ.എഫ്. മാനദണ്ഡപ്രകാരം കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പരാമർശം (2) പ്രകാരം 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിരുന്ന കോട്ടയം ജില്ലയിലെ രാമപുരം പഞ്ചായത്ത് ചിറക്കൽ കാവ് - തേവലക്കാട്ട് ഭാഗം റോഡിന് പകരമായി കാലവർഷക്കെടുതിയിൽ തകർന്നതും ഗതാഗതയോഗ്യമല്ലാത്തതുമായ കോട്ടയം ജില്ലയിലെ രാമപുരം പഞ്ചായത്ത് വാർഡ് 3 -ലെ ഇരുമ്പുഴിക്കവല - ചിറയ്ക്കൽപ്പാറ റോഡിന്റെ പുനരുദ്ധാരണ പ്രവർത്തികൾക്കായി 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) രൂപ തന്നെ മാറ്റി അനുവദിച്ച് ഭരണാനുമതി ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

2. പുതിയതായി അനുവദിച്ച പ്രവൃത്തി സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അനുവദനീയമാണോ എന്ന് കോട്ടയം ജില്ലാകളക്ടർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും അനുവദനീയമായ പുനരുദ്ധാരണപ്രവൃത്തികളുടെ നിർവ്വഹണം മാത്രമാണ് നടപ്പാക്കുന്നതെന്ന് ഉറപ്പാക്കേണ്ടതുമാണ്. പരാമർശം (1) ലെ വ്യവസ്ഥകൾ കർശനമായും പാലിക്കേണ്ടതാണ്. ഭരണാനുമതി കാലാവധിക്കകത്ത് പ്രവൃത്തി പൂർത്തിയാക്കുന്നുണ്ടെന്ന് ജില്ലാകളക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

3. പരാമർശം (2) മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പൂജ ലാൽ കെ എ എസ്

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം
ജില്ലാകളക്ടർ, കോട്ടയം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ /ഓഫീസ് പകർപ്പ് (ഫയൽ നം. DMB1/148/2025/DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
സെക്ഷൻ ഓഫീസർ
Date: 05-07-2025 11:23:47

പകർപ്പ്: ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ദുരന്തനിവാരണവകുപ്പ് സെക്രട്ടറിയുടെ പി. എ. യ്ക്ക്